കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മതിലകം ഗ്രാമപഞ്ചായത്ത് - ഉണി സഞ്ചി നിർമ്മാണം, മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് സൈക്കിൾ വിതരണം - പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 825/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 26.03.2018

വായന :- 1. ശ്രീ. ഇ. ടി. ടൈസൻ മാസ്റ്റർ എം.എൽ.എയുടെ 12.12.2017-ലെ കത്തും മതിലകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.12.2017-ലെ A2 - 22/17-ാം നമ്പർ കത്തും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ തീരുമാനം നം. 4.21

**ഉത്തരവ്**

പ്രോജക്റ്റ് നം. 139/18 -ഉണി സഞ്ചി നിർമ്മാണം, വിതരണം (അടങ്കൽ 5.00 ലക്ഷം രൂപ), പ്രോജക്റ്റ് നം. 136/18- മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് സൈക്കിൾ വിതരണം (അടങ്കൽ 1,25,000/- രൂപ) എന്നീ പ്രോജക്റ്റുകൾ നടപ്പാക്കാൻ പ്രത്യേക അനുമതി നൽകണമെന്ന് മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം ശ്രീ ഇ. ടി. ടൈസൻ മാസ്റ്റർ എം.എൽ.എ ആവശ്യപ്പെടുകയുണ്ടായി.

2) 05.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.21 നമ്പർ തീരുമാനപ്രകാരം സൗജന്യ വിതരണം പാടില്ല എന്ന വ്യവസ്ഥയിൽ ഉണി സഞ്ചി നിർമ്മാണത്തിന് (അടങ്കൽ 5.00 ലക്ഷം രൂപ) അനുമതിയും മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് സൈക്കിൾ വിതരണം (അടങ്കൽ 1,25,000/- രൂപ) എന്ന പ്രോജക്റ്റ് നടപ്പാക്കാൻ പ്രത്യേക അനുമതിയും മതിലകം ഗ്രാമപഞ്ചായത്തിന് നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ എം.എൽ.എ.(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പ്രസിഡണ്ട്, മതിലകം ഗ്രാമപഞ്ചായത്ത് , തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ)യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ